# ചാലിക്കാത്ത നിറക്കൂട്ടുകൾ

- ബിജോ ജോസ് ചെമ്മാന്ത്ര
(BijoChemmanthara@gmail.com)
-

തന്റെ നഗ്നമായ ഉടൽ സൂക്ഷ്മതയോടെ ക്യാൻവാസിലേക്ക് പകർത്തുന്ന ചിത്രകാരനോട് അവൾ ചോദിച്ചു. "തൊണ്ട വരളുന്നു. ഇനി അൽപ്പം വെള്ളം കുടിച്ചിട്ട്?"

"കുറച്ചു കൂടി കാക്കൂ" ചിത്രത്തിൽ നിന്നും മുഖമുയർത്താതെ ചിത്രകാരൻ പറഞ്ഞു. അവളുടെ കണ്ണുകളിൽ നിഴലിച്ച അസംതൃപ്തി തന്റെ പെയിന്റിംഗിനെ മികവുറ്റതാക്കുമെന്ന് അയാൾക്ക് ഉറപ്പുണ്ടായിരുന്നു.

കൈവിരലുകളിൽ മരവിപ്പനുഭവപ്പെട്ടപ്പോൾ ഘടികാരസൂചിയിലേക്ക് നോക്കിയിട്ട് അയാൾ സിഗരറ്റെടുത്ത് കത്തിച്ചു. എന്നിട്ട് കത്തിയമരുന്ന സിഗരറ്റിൽ നിന്നും കണ്ണെടുക്കാതെ പറഞ്ഞു "അല്ലെ മതി. ഇനി നാളെയാക്കാം".

അവൾ വിയർപ്പ് പൊടിയുന്ന തന്റെ മേനിയിലേക്ക് നോക്കി. ദീർഘ നിശ്വാസത്തോടെ മെല്ലെ എഴുന്നേറ്റ് മുടി വാരിക്കെട്ടി മേശയിലിരുന്ന കൂജയിൽ നിന്ന് ആർത്തിയോടെ വെള്ളം കുടിച്ചു.

ഭിത്തിയോട് ചാരി നിലത്തിരുന്ന ചിത്രകാരനോട് ഒട്ടിച്ചേർന്നിരുന്ന് അവൾ ചോദിച്ചു. "എന്നെ ഇഷ്ടമല്ലേ? എന്താ ഒന്നും പറയാത്തത്?"

ആസ്വദിച്ചു പുക ഉള്ളിലേക്കെടുത്ത് അയാൾ പൂർത്തിയാകാത്ത ചിത്രത്തിലേക്ക് നോക്കി. പിന്നെ പ്രേമപാരവശ്യത്തോടെ തന്നോട് ചേർന്നിരുന്ന അവളെ നോക്കി പെയിന്റിംഗ് ബ്രഷ് കയ്യിലെടുത്ത് അയാൾ പറഞ്ഞു. "എനിക്ക് നിന്നോട് തോന്നുന്ന അനുരാഗം നിന്നിൽ മിന്നിമറയുന്ന അതിലോലമായ ഭാവവ്യതിയാനങ്ങൾ ഈ ബ്രഷിലേക്ക് ആവാഹിക്കുന്നതിന് തടസ്സമാകും. ഈ പെയിന്റിംഗിനെ ഉദാത്തമാക്കുന്നത് ഒരു ചിത്രകാരന് മാത്രം ദർശിക്കാനാവുന്ന നിന്നിലെ അപൂർണ്ണതകളാണ്. എന്റെ പ്രണയം നീ മഹനീയമാക്കുന്ന ഈ ചിത്രത്തോടു മാത്രമാണ്. ഒരു കലാകാരനെ നീ എന്നാണ് മനസ്സിലാക്കുക? അവന്റെ ആത്മഹർഷങ്ങളും അന്ത:സംഘർഷങ്ങളും നിനക്ക് ഊഹിക്കാനാവില്ല..."

പാതിയടഞ്ഞ മിഴികൾ മെല്ലെ വിടർത്തി അവൾ ചിത്രകാരന്റെ കണ്ണുകളിലേക്ക് തുറിച്ചു നോക്കി. ആ കണ്ണുകളിൽ തന്റെ രൂപം വളരെ ചെറുതും വിരൂപവുമാണെന്ന് അവൾക്കു തോന്നി.

"എന്നിൽ നീ കണ്ടെത്തുന്ന ന്യൂനതകൾ എന്നിലെ പ്രണയത്തിന്റെ നിറഭേദങ്ങളാണെന്ന് നീ എന്താണ് തിരിച്ചറിയാത്തത്? ഞാൻ നോവിൽ പേറുന്ന കാർമേഘങ്ങളാണ് നിന്റെ ചിത്രങ്ങളിൽ മഴവില്ലായി തെളിയുന്നത്. നീ ചാലിക്കുന്ന വർണ്ണങ്ങളിൽ ലയിച്ച് ഞാൻ ഇല്ലാതാവുകയാണെന്ന് അറിഞ്ഞിട്ടും നിന്നെ ഞാൻ സ്നേഹിക്കുന്നു. പെണ്ണിനേയും അവളുടെ മിഴിനീരിൽ സ്ഫുടം ചെയ്തെടുത്ത പ്രണയത്തേയും തിരിച്ചറിയാതെ നിനക്കെങ്ങനെയാണ് ഒരു കലാകാരനാവാൻ കഴിയുക?"

ജനാലയിലൂടെ മിഴിനീട്ടിയ വെയിൽ, മുറിയിൽ നെടുനീളെ തീർത്ത വരയിൽ അയാൾ കത്തിത്തീരാറായ സിഗരറ്റ് കുത്തിക്കെടുത്തി.

അവൾ തുടർന്നു. "എന്നിൽ നീ ദർശിക്കുന്ന കുറവുകൾ നിനക്കേകുന്ന ഉൻമാദം എനിക്ക് ഊഹിക്കാനാവും. അത് നിന്നിൽ കാമമായി കത്തിപ്പടരുന്നതും ഞാൻ അറിഞ്ഞതാണ്. എന്നിലെ പ്രണയ ഗർത്തങ്ങളുടെ ആഴങ്ങൾ നിനക്ക് സഞ്ചരിക്കാനായിരുന്നെങ്കിൽ... അത് നിന്നിലെ കലാകാരന്റെ ചേതനയെ എത്രയോ മടങ്ങ് ഉണർത്തിയേനെ"

അവൾ മെല്ലെ എഴുന്നേറ്റ് മേശയിൽ നിന്നും കൂജയെടുത്ത് ചിത്രകാരന്റെ അടുത്ത് കൊണ്ടുവെച്ചു. പിന്നെ ഒന്നും ഉരിയാടാതെ തറയിൽ നീണ്ടു നിവർന്നു കിടന്നു.

അവളുടെ ശരീരം പകുത്ത വെയിൽ പാളിയിലേക്ക് കൈ നീട്ടിയപ്പോൾ തന്റെ വിരലുകൾ ചൂടിനാൽ പൊള്ളുന്നത് ചിത്രകാരനറിഞ്ഞു. തൊണ്ട വരളുന്ന പോലെ. അയാൾക്ക് അതുവരെ തോന്നാത്ത അതികലശലായ ദാഹം തോന്നി. കൂജയിൽ നിന്ന് വെള്ളമെടുത്ത് കുടിച്ചിട്ട് പൂർത്തിയാകാത്ത ആ ചിത്രത്തിലേക്ക് അയാൾ നോക്കിയിരുന്നു, തന്റെ തൂലിക അവളുടെ മിഴികളിൽ നിറച്ച ദു:ഖത്തിന്റെ കറുപ്പിൽ ഗോചരമല്ലാത്ത പ്രണയത്തിന്റെ ആഴങ്ങൾ തേടി...

***********